Email :keralarcs.coop@kerala.gov.in
Website :www.cooperation.kerala.gov.in

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആശ്വാസ്" - 2026

RCS/66/2025/AEL-(1)

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 01.08.2026

സർക്കുലർ നമ്പർ: 24/2026

വിഷയം :- സഹകരണ വകുപ്പ് - പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി- '**ആശ്വാസ് 2026**' പുതുക്കിയ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. സഹകരണസംഘം രജിസ്ട്രാറുടെ 6/6/2026 ലെ 19/2026 നമ്പർ സർക്കുലർ.
2. സഹകരണ വകുപ്പ മന്ത്രിയുടെ 16/7/2026ലെ യോഗത്തിലെ നിർദ്ദേശം.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഇളവുകൾ നൽകി തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വർദ്ധിച്ചുവരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയും "ആശ്വാസ്–2026" എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2026 ജൂൺ 1 മുതൽ 2026 ഓഗസ്റ്റ് 31 വരെ നടപ്പിലാക്കിക്കൊണ്ട് സൂചന (1) സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അർഹരായ സഹകാരികൾക്ക് ലഭ്യമാകുന്നില്ല എന്ന നിരവധി നിവേദനങ്ങൾ പരിഗണിച്ച്, ബഹു.സഹകരണ വകുപ്പ് മന്ത്രി നൽകിയ സൂചന (2) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനായി വിവിധ കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചും, ടി കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണയിച്ചുകൊണ്ടും, സൂചന (1) സർക്കുലർ വ്യവസ്ഥകൾ പരിഷ്കരിച്ച് ചുവടെ ചേർക്കും പ്രകാരം പുതുക്കിയ സർക്കുലർ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഈ സർക്കുലർ തീയതി മുതൽ പുതുക്കിയ സർക്കുലറർ വ്യവസ്ഥകൾ ആയിരിക്കും തുടർന്നുള്ള "ആശ്വാസ് 2026" പദ്ധതി കാലയളവിൽ ബാധകമായിരിക്കുക.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും. കരുതൽ വയ്ക്കേണ്ടി വന്നതും പ്രാഥമിക സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതുമായ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായ കാലപ്പഴക്കമുള്ള വായ്പകൾ ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനും ഇതിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക പരമാവധി കുറയ്ക്കുകയും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മാത്രമല്ല നല്ല രീതിയിൽ

വായ്പാ തിരിച്ചടവ് നടത്തുന്നവർക്ക് പലിശ ഇൻസെന്റീവും ലക്ഷ്യമിടുന്നു.

ഈ പദ്ധതി പ്രകാരം നൽകാവുന്ന ഇളവുകൾ

I) 50,000/- രൂപ വരെയുള്ള വായ്പകൾ

(എ) അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 50000/-രൂപ വരെയുള്ള വായ്പകൾക്ക് സംഘംതല കമ്മിറ്റിയ്ക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിനൽകാവുന്നതാണ്.

(ബി) അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായ 50,000/- രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയ്ക്ക് പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകി വായ്പ്പാക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

II) 50,000/- രൂപയ്ക്ക് മുകളിൽ 5,00,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ

സംഘം തല കമ്മിറ്റി	താലൂക്ക് തല കമ്മിറ്റി	ജില്ലാ തല കമ്മിറ്റി	സംസ്ഥാന തല കമ്മിറ്റി
പലിശയിൽ പരമാവധി 25% വരെ ഇളവ് നൽകാം.	പലിശയിൽ പരമാവധി 35% വരെ ഇളവ് നൽകാം	പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകാം	ജില്ല തല കമ്മിറ്റിയ്ക്ക് നല്കാവുന്നതിനെക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യം ഉണ്ടെങ്കിൽ അത്തരം അപേക്ഷകൾ സംസ്ഥാന തല കമ്മിറ്റിയ്ക്ക് സമർപ്പിക്കാവുന്നതാണ്

III.) **5,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ**

സംഘം തല കമ്മിറ്റി	താലൂക്ക് തല കമ്മിറ്റി	ജില്ലാ തല കമ്മിറ്റി	സംസ്ഥാന തല കമ്മിറ്റി
1 വർഷം കുടിശ്ശികയായ വായ്പ്പക്കൾക്ക്- വായ്പ്പ അനുവദിച്ച സമയത്തുള്ള പലിശ നിരക്കോ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതുപ്രകാരം വായ്പ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.			
1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പ്പക്കൾക്ക് - കുറഞ്ഞ നിരക്കിൽ പലിശ കണക്കാക്കി പലിശയുടെ 10% വരെ ഇളവ് നൽകാം			
3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പ്പക്കൾക്ക് - കുറഞ്ഞ പലിശ നിരക്കിൽ പലിശ കണക്കാക്കി 15% വരെ ഇളവ്	താലൂക്ക് തല കമ്മിറ്റിക്ക് പരമാവധി	ജില്ലാ തല കമ്മിറ്റിക്ക് ഇത്തരം അപേക്ഷകളിൽ	ജില്ല തല കമ്മിറ്റിയ്ക്ക് നല്കാവുന്നതിനെക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യം ഉണ്ടെങ്കിൽ

നൽകാം	35% വരെ ഇളവ്വ അനുവദിക്കാം	പരമാവധി 40% വരെ ഇളവ്വ അനുവദിക്കാം	അത്തരം അപേക്ഷകൾ സംസ്ഥാന തല കമ്മിറ്റിയ്ക്ക് സമർപ്പിക്കാവുന്നതാണ്
5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായ വായ്പ്പക്കൾക്ക് - കുറഞ്ഞ പലിശ നിരക്കിൽ പലിശ കണക്കാക്കി 20% വരെ ഇളവ് നൽകാം.			
10 വർഷത്തിനു മുകളിൽ കുടിശ്ശികയായ വായ്പ്പക്കൾക്ക് - കുറഞ്ഞ പലിശ നിരക്കിൽ പലിശ കണക്കാക്കി 25% വരെ ഇളവ് നൽകാം.			

IV) <u>25,00,000/-രൂപയ്ക്ക് മുകളിൽ 50,00,000/-രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ.</u>

സംഘം തല കമ്മിറ്റി	താലൂക്ക് തല കമ്മിറ്റി	ജില്ലാ തല കമ്മിറ്റി	സംസ്ഥാന തല കമ്മിറ്റി
1 വർഷം കുടിശ്ശികയായ വായ്പ്പക്കൾക്ക് - വായ്പ്പ അനുവദിച്ച സമയത്തുള്ള പലിശ നിരക്കോ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതുപ്രകാരം വായ്പ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.	താലൂക്ക് തല കമ്മിറ്റിക്ക് പരമാവധി 20% വരെ ഇളവ്വ അനുവദിക്കാം	ജില്ലാ തല കമ്മിറ്റിക്ക് ഇത്തരം അപേക്ഷകളിൽ പരമാവധി 25% വരെ ഇളവ്വ അനുവദിക്കാം	ജില്ല തല കമ്മിറ്റിയ്ക്ക് നല്കാവുന്നതിനെക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യം ഉണ്ടെങ്കിൽ അത്തരം അപേക്ഷകൾ സംസ്ഥാന തല കമ്മിറ്റിയ്ക്ക് സമർപ്പിക്കാവുന്നതാണ്
1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പ്പക്കൾക്ക് - കുറഞ്ഞ നിരക്കിൽ പലിശ കണക്കാക്കി പലിശയുടെ 5% വരെ ഇളവ് നൽകാം.			
3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പ്പക്കൾക്ക് - കുറഞ്ഞ പലിശ നിരക്കിൽ പലിശ കണക്കാക്കി 10% വരെ ഇളവ് നൽകാം.			
5 വർഷം മുതൽ കുടിശ്ശികയായ വായ്പ്പക്കൾക്ക് - കുറഞ്ഞ പലിശ നിരക്കിൽ പലിശ കണക്കാക്കി 15% വരെ ഇളവ് നൽകാം.			

അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കുള്ള പ്രത്യേക ഇളവുകൾ

(എ) അതിദരിദ്ര്യ സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവരുടെ 1 ലക്ഷം രൂപവരെയുള്ള വായ്പകൾ സംഘംതല കമ്മിറ്റിയ്ക്ക് ബാക്കി നിൽപ്പ് മുതൽ തുക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(ബി) അതിദരിദ്ര്യ സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവരുടെ 1 ലക്ഷം മുതൽ 5 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് സംഘംതല കമ്മിറ്റിയ്ക്ക് ബാക്കിനിൽപ്പ് മുതൽ തുകയും പലിശയുടെ 50%വും ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(V) ഗുരുതര രോഗങ്ങൾ ബാധിച്ചവർക്കുള്ള ഇളവുകൾ

ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഗുരുതരമായ ഹൃദയ സംബന്ധ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, അംഗവൈകല്യം സംഭവിച്ചവർ, എച്ച്.ഐ.വി ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിത്സിച്ച് മാറ്റാൻ കഴിയാത്ത മാനസിക രോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ (കുടുംബം എന്നാൽ ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയവരുടെ വായ്പകൾ ഓരോ വായ്പക്കാരന്റേയും സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പ ബാധ്യത തീർപ്പാക്കാവുന്നതാണ്. എന്നാൽ, ടി ഇളവുകൾക്ക് പുറമേ പരമാവധി ചുവടെ പറയും പ്രകാരം പലിശയിൽ അധിക ഇളവ് കൂടി അനുവദിക്കാവുന്നതാണ്.

50000 വരെ	50000 മുകളിൽ 1 ലക്ഷം വരെ	1 ലക്ഷത്തിനു മുകളിൽ 5 ലക്ഷം വരെ	5 ലക്ഷത്തിനു മുകളിൽ 10 ലക്ഷം വരെ	10 ലക്ഷത്തിനു മുകളിൽ 25 ലക്ഷം വരെ	25 ലക്ഷത്തിനു മുകളിൽ
15%	12%	10%	5%	3%	2%

ക്യാഷ് ക്രെഡിറ്റ്, ഓവർ ഡ്രാഫ്റ്റ് വായ്പകളിലെ ഇളവുകൾ

കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ള ക്യാഷ് ക്രെഡിറ്റ് , ഓവർ ഡ്രാഫ്റ്റ് വായ്പകളിൽ അവസാന ഇടപാട് വന്ന ദിവസം മുതൽ സാധാരണ വായ്പയായി കണക്കാക്കി ഈ സർക്കുലർ പ്രകാരമുള്ള ഇളവ് ആനുകൂല്യം നൽകാവുന്നതാണ്.

ഈ പദ്ധതി പ്രകാരം ഇളവുകൾ നല്കുന്നതിനായി സംഘം, താലൂക്ക്, ജില്ലാ തലങ്ങളിൽ ചുവടെ പറയുന്ന ഘടനയിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1.സംഘം തല കമ്മിറ്റി	
അതാത് സംഘം /ബാങ്ക് പ്രസിഡന്റ്	ചെയർമാൻ
എല്ലാ ഭരണസമിതി അംഗങ്ങളും	അംഗങ്ങൾ
യൂണിറ്റ് ഇൻസ്പെക്ടർ	അംഗം
സംഘം ആഡിറ്റർ	അംഗം
എ&ഇ ഇൻസ്പെക്ടർ/സെയിൽ ഓഫീസർ	അംഗം
ജീവനക്കാരുടെ ഒരു പ്രതിനിധി	അംഗം
ചീഫ് എക്സിക്യൂട്ടീവ് / സെക്രട്ടറി	കൺവീനർ

2.താലൂക്ക് തല കമ്മിറ്റി	
ബഹു. എം.എൽ.എ മാർ	ചെയർമാൻ
ചെയർമാൻ സർക്കിൾ കോ ഓപ്പറേറ്റീവ് യൂണിയൻ	വൈസ് ചെയർമാൻ
അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)	കൺവീനർ
അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്)	ജോയിന്റ് കൺവീനർ
ഓഫീസ് ഇൻസ്പെക്ടർ	അംഗം

3.ജില്ലാ തല കമ്മിറ്റി	
ജോയിന്റ് രജിസ്ട്രാർ (ജനറൽ)	**ചെയർമാൻ**
ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)	കൺവീനർ
ബഹു. എം.പി, എം.എൽ.എ മാർ	

	അംഗം
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ), ആഫീസ്	അംഗം
ക്രെഡിറ്റ് സൊസൈറ്റിയുടെ പ്രതിനിധി/PACS അസോസിയേഷൻ പ്രതിനിധി	അംഗം

4.സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റി	
ബഹു: സഹകരണ വകുപ്പ് മന്ത്രി	ചെയർമാൻ
സഹകരണ വകുപ്പ് സെക്രട്ടറി	അംഗം
സഹകരണ സംഘം രജിസ്ട്രാർ	കൺവീനർ
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)	അംഗം

പൊതു നിബന്ധനകൾ /നിർദ്ദേശങ്ങൾ

1. പദ്ധതി പ്രകാരം ഇളവ് കണക്കാക്കുമ്പോൾ പിഴപ്പലിശ മുഴുവനായും ഒഴിവാക്കുകയും, എ.ആർ.സി, ഇ.പി മറ്റു ചെലവുകൾ ഇടാക്കേണ്ടതുമാണ്.

2. ആർബിട്രേഷൻ / എക്സിക്യൂഷൻ നടപടികൾ തുടരാവുന്നതാണെങ്കിലും പദ്ധതി കാലയളവിൽ ജപ്തി/ലേല നടപടികൾ നോട്ടീസ് പരസ്യപ്പെടുത്തൽ എന്നിവ പാടില്ല.

3. കക്ഷികൾക്ക് ആർബിട്രേറ്റർ/സെയിൽ ആഫീസർമാർ അതാത് സംഘങ്ങളുടെ അദാലത്ത് ദിവസം സംഘത്തിൽ ഹാജരാകാൻ നേരിട്ടോ തപാൽ മാർഗമോ നോട്ടീസ് നൽകേണ്ടതും അദാലത്തിൽ തീരുമാനമാകുന്ന തുക അടയ്ക്കുന്നതിന് പരമാവധി 15 ദിവസം മുതൽ ഈ പദ്ധതി കാലയളവ് വരെ സമയപരിധി നിശ്ചയിച്ച് ഉത്തരവ്/നിർദേശം നൽകാവുന്നതാണ്.

4. മേൽ പറഞ്ഞ പ്രകാരം തുക അടയ്ക്കുന്ന മുറയ്ക്ക് വായ്പ്പാ ഫയലിൽ തുടർ നടപടികൾ അവസാനിപ്പിക്കേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5. കൂടുതൽ കാലപ്പഴക്കമുള്ള ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന അതാത് സംഘം നൽകേണ്ടതും പരമാവധി തീർപ്പാക്കേണ്ടതുമാണ്.

6. ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് സെയിൽ ആഫീസറുടെ ചുമതലയാണ്. ഏതെങ്കിലും കാരണവശാൽ ഫയലുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പിന്നീട് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

7. ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിലേയ്ക്കായി ആഴ്ചയിൽ ഒരിക്കൽ അദാലത്തുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തേണ്ടതാണ്. ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകളിലെ ഈ പദ്ധതി പ്രകാരമുള്ള പുരോഗതി

സെയിൽ ഓഫീസർമാരുടെ പ്രതിമാസ പ്രവർത്തി അവലോകനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. ഈ പദ്ധതി പ്രകാരം വായ്പ കുടിശ്ശിക ഒറ്റതവണയായി അടച്ച് തീർക്കുന്ന വായ്പ്പക്കാർക്ക് മാത്രമേ മേൽ വ്യവസ്ഥകൾ പ്രകാരമുള്ള പലിശ ഇളവുകൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. കുടിശ്ശിക തവണയായി മാത്രമേ അടക്കാൻ കഴിയൂ എന്നുള്ളവർക്ക്, അവരുടെ വായ്പകളിൽ പിഴപലിശ മാത്രം ഒഴിവാക്കി കൊണ്ട് 31.08.2026 വരെയുള്ള കാലയളവിൽ തവണകൾ അനുവദിച്ച് വായ്പ്പാക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്. എന്നാൽ, ടി വായ്പക്കാരന് വീണ്ടും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

9.ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യാത്ത വായ്പകളും ഈ പദ്ധതി പ്രകാരം അദാലത്തിൽ ഉൾപ്പെടുത്താവുന്നതും, പരമാവധി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

10. ഈ പദ്ധതി പ്രകാരം പലിശ ഇളവ് ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ / സ്ഥാപനങ്ങളുടെ സാക്ഷ്യപത്രങ്ങൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട കേസുകളിൽ മരണ സർട്ടിഫിക്കറ്റും, മുകളിൽ പട്ടികയിൽ ഉൾപ്പെട്ട മാരക രോഗങ്ങൾ ബാധിച്ച കേസുകളിൽ അംഗീകൃത ആശുപത്രിയിൽ നിന്നും നൽകുന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

1 1 . ബന്ധപ്പെട്ട കമ്മിറ്റികൾ നിശ്ചയിച്ച തീയതിക്ക് മുമ്പായി വായ്പാകണക്ക് പൂർണ്ണമായി അവസാനിപ്പിക്കുന്നവർക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്.

12.മുമ്പ് വായ്പയിൽ അടച്ച മുതലോ, പലിശയോ യാതൊരു കാരണവശാലും കണക്കിലെടുക്കേണ്ടതോ, പുനഃപരിശോധിക്കേണ്ടതോ ഇല്ല. ബാക്കി നിൽക്കുന്ന കുടിശ്ശിക മുതലിലാണ് പലിശ കണക്കാക്കേണ്ടത്.

13.ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ സംഘം / ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരും അസിസ്റ്റന്റ് രജിസ്ട്രാർ / യൂണിറ്റ് ഇൻസ്പെക്ടർ, ആഡിറ്റർ, എ & ഇ ഇൻസ്പെക്ടർ / സ്പെഷ്യൽ സെയിൽ ആഫീസർ തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കേണ്ടതും, വായ്പാക്കാരുടെ യഥാർത്ഥ സ്ഥിതിവിവരം ബോധ്യപ്പെട്ടും വായ്പയുടെ തരംതിരിവ്, കാലാവധി, വായ്പയ്ക്ക് ആഡിറ്റിൽ വെച്ചിട്ടുള്ള കരുതൽ എന്നിവ കണക്കിലെടുത്തും, ഇളവ് അനുവദിക്കുന്നതിനുള്ള വ്യക്തമായ കാരണം രേഖപ്പെടുത്തി വായ്പയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

14.മുൻകാലങ്ങളിൽ ഇത്തരം പദ്ധതികളിൽപ്പെടുത്തി ആയതു വരെയുള്ള കുടിശ്ശിക മുതലും പലിശയും ഇളവുകളോട് കൂടി അടച്ചുതീർക്കുകയും ആയതിനുശേഷം വീണ്ടും ക്രമമായി അടയ്ക്കാതിരിയ്ക്കുകയും ചെയ്യുന്ന വായ്പാക്കാർക്കും, തുടർച്ചയായി അദാലത്തിൽ ഹാജരാകുകയും അദാലത്ത് തീരുമാനമനുസരിച്ച് പ്രവർത്തിക്കാതെ വരികയും ചെയ്യുന്ന വായ്പക്കാർക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

15.ഈ പദ്ധതിയുടെ ഭാഗമായി അദാലത്ത് സംഘടിപ്പിക്കേണ്ടതും ആയതിന്റെ വിവരവും വായ്പ ബാധ്യതയും, അദാലത്ത് നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച് എല്ലാ കുടിശ്ശികക്കാർക്കും നേരിട്ടോ തപാൽ മുഖേനയോ അറിയിപ്പ് നൽകേണ്ടതാണ്.

16.ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയെ സംബന്ധിച്ച് പ്രാദേശികമായി വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ആകർഷകമായ പോസ്റ്ററുകൾ അച്ചടിപ്പിക്കാവുന്നതും ബാനറുകൾ, പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതും, ഉച്ചഭാഷിണി, പ്രാദേശിക കേബിൾ ടി വി, മാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവ മുഖേന ചെലവു കുറഞ്ഞ പരസ്യങ്ങൾ ചെയ്യാവുന്നതുമാണ്.

17.അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ, സർക്കിൾ യൂണിയൻ ചെയർമാൻ, താലൂക്കിലെ വായ്പാ സംഘങ്ങൾ / ബാങ്കുകളുടെ പ്രസിഡന്റ് / സെക്രട്ടറിമാർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം കൂടി ഓരോ സംഘത്തിന്റെയും കുടിശ്ശിക നിലവാരം വിലയിരുത്തുകയും, സംഘം / ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നത് ഉൾപ്പെടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കേണ്ടതും, ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും, അദാലത്തിലേയ്ക്ക് വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കേണ്ടതുമാണ്.

18.അപ്പക്സ് ബാങ്കുകളുടെ കണക്കുകൾ ടി ബാങ്കുകൾ നേരിട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

19.ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംഘടിപ്പിക്കുന്നതിന് ഓരോ സംഘം / ബാങ്കും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി ചുമതലപ്പെടുത്തേണ്ടതും, ടിയാനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ കുടിശ്ശികക്കാർക്കുള്ള നോട്ടീസിൽ കാണിക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ ജോലികളും, വായ്പാക്കാർക്ക് നോട്ടീസ് അയയ്ക്കുന്നത് ഉൾപ്പെടെ നോഡൽ ആഫീസർ ഉറപ്പുവരുത്തേണ്ടതും, നോഡൽ ആഫീസറുടെ ജോലി ബന്ധപ്പെട്ട ഭരണസമിതി വിലയിരുത്തേണ്ടതുമാണ്. അർഹനായ ഒരു വ്യക്തിക്കോ / കുടുംബത്തിനോ അവസരം നഷ്ടമാകില്ല എന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ജാഗ്രത പുലർത്തേണ്ടതുമാണ്.

20.ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർക്കായിരിക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംഘംതല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കാലാവധി അവസാനിച്ച് കഴിഞ്ഞതിന് ശേഷം, ഓരോ സംഘത്തിന്റെയും പ്രവർത്തനം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതും, സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട നോഡൽ ആഫീസർക്കും, യൂണിറ്റ് ഇൻസ്പെക്ടർമാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർക്കും എതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

21. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം ടി ബാങ്കുകൾക്ക് ബാധകമായിട്ടുള്ള ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ നടത്തിപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർമാർ പരിശോധിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർമാരെ പ്രത്യേകം നിയമിക്കാത്ത പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർക്കൊപ്പം ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് കൂടി ഇതിന്റെ ചുമതല നൽകേണ്ടതാണ്.

22. വായ്പ തവണ തുകകൾ ക്രമമായി തിരിച്ചടക്കുന്നവർക്ക് അടച്ച പലിശയിൽ 5% വരെ സംഘം ഭരണസമിതിക്ക് ഇളവ് അനുവദിച്ചു നല്കാവുന്നതും ടി തുക ബാക്കി നിൽപ്പ് വായ്പയിൽ വരവ് വയ്ക്കാവുന്നതുമാണ്. വായ്പ കണക്ക് അവസാനിപ്പിച്ച കേസിൽ ടി തുക രൊക്കം ആയി നൽകാം . ഇത്തരം വായ്പകളിൽ നിലവിൽ സംഘം തലത്തിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടെങ്കിൽ അത് കൂടി കണക്കിലെടുത്തേ ഈ ഇളവ് നൽകാവൂ.

23. MSS/MDS പദ്ധതി കാലാവധി അവസാനിച്ചതിന് ശേഷം കുടിശ്ശിക ആകുന്ന തുക സാധാരണ വായ്പയായി കണക്കാക്കി ഇളവ് അനുവദിക്കാം . എന്നാൽ ഒരു MSS/MDS ൽ ഒരംഗത്തിന് ഒരു നമ്പരിനെ ഇത്തരത്തിൽ ഇളവ് നൽകാവൂ .

24. ഓരോ സഹകരണ സംഘവും ഈ പദ്ധതി പ്രകാരം നൽകുന്ന ഇളവുകൾ അനുബന്ധം (എ)

യിലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി. സംഘങ്ങളുടെ ഹെഡ് ഓഫീസിലും ശാഖകളിലും സൂക്ഷിക്കേണ്ടതാണ് .

25. ഓരോ ആഴ്ചയിലും സംഘം തലത്തിലുള്ള പുരോഗതി വിവരം പ്രൊഫോർമ 1 ൽ ശേഖരിച്ച് താലൂക്ക് തലത്തിൽ ക്രോഡീകരിച്ച് താലൂക്ക് തലത്തിലുള്ള പുരോഗതി കൂടി ചേർത്ത് പ്രൊഫോർമ 2 ൽ ജോയിന്റ് രജിസ്ട്രാർക്ക് നൽകേണ്ടതും ജില്ലാതലത്തിലുള്ള പുരോഗതി വിവരം കൂടി ചേർത്ത് ക്രോഡീകരിച്ച പട്ടിക പ്രൊഫോർമ 3 ൽ രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്. ആർബിട്രേഷൻ /എക്സിക്യൂഷൻ കേസുകളിലെ ആശ്വാസ് പദ്ധതിയിലെ പുരോഗതി വിവരം പ്രത്യേകം ലഭ്യമാക്കേണ്ടതാണ് .സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റിയിലേയ്ക്ക് പരിഗണിക്കേണ്ട അപേക്ഷകൾ സംഘം തല കമ്മിറ്റിയും ജില്ലാ തല കമ്മിറ്റിയും ശുപാർശ ചെയ്ത് പ്രൊഫോർമ 4 ൽ വിവരങ്ങൾ രേഖപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. പ്രോഫോർമ 3 ലെ ക്രോഡീകരിച്ച വിവരം aelrcs2018@gmail.com

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ 0471-2330825(EXT.409) എന്ന നമ്പരിൽബന്ധപ്പെടാവുന്നതാണ്.

Digitally signed by
INBASEKAR K I A S
Date: 03-08-2026
14:24:40

ഇമ്പശേഖർ.കെ. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണആഡിറ്റ്ഡയറക്ടർ, സഹകരണആഡിറ്റ്ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
3. പ്രസിഡന്റ് / മാനേജിംഗ്ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ്ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
6. ചെയർമാൻ/ മാനേജിംഗ്ഡയറക്ടർ,കേരള സംസ്ഥാന സഹകരണ ഹൗസിംഗ്ഫെഡറേഷൻ, എറണാകുളം.
7. ജനറൽമാനേജർ, മലപ്പുറംജില്ലാസഹകരണബാങ്ക്
8. ജോയിന്റ്ഡയറക്ടർ / കൺകറന്റ്ആഡിറ്റർ, കേരളസംസ്ഥാനസഹകരണബാങ്ക് / കേരളസംസ്ഥാനസഹകരണകാർഷികഗ്രാമവികസനബാങ്കുകൾ.
9. ചെയർമാൻ, സർക്കിൾസഹകരണയൂണിയൻ
10. പ്രസിഡന്റ് / സെക്രട്ടറി, അർബൻബാങ്ക്ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ് / സെക്രട്ടറി, പി.എ.സി.എസ്അസോസിയേഷൻ, തിരുവനന്തപുരം.
12. എല്ലാഅസിസ്റ്റന്റ്രജിസ്ട്രാർ (ജനറൽ) / വാല്യുവേഷൻആഫീസർക്കും.
13. എല്ലാഅസിസ്റ്റന്റ്ഡയറക്ടർമാർക്കും.
14. എല്ലാപ്രാഥമികവായ്പാസഹകരണസംഘങ്ങൾക്കും / ബാങ്കുകൾക്കും (ജോയിന്റ്രജിസ്ട്രാർ (ജനറൽ) മുഖേന).
15. ഈആഫീസിലെഎല്ലാഅഡീഷണൽരജിസ്ട്രാർമാർക്കും / സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെമേശപ്പുറത്ത്.
17. എഡിറ്റർ, സഹകരണവീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ്സൈറ്റ്.
19. സ്റ്റോക്ക്ഫയൽ

അനുബന്ധം - എ

....സഹകരണസംഘം/ബാങ്ക് ക്ലിപ്തം നം..............

കുടിശ്ശിക നിവാരണ പദ്ധതി

ആശ്വാസ് 2026

1. വായ്പക്കാരന്റെ പേര് :
2. വായ്പ നമ്പർ :
3. വായ്പ തീയതി :
4. വായ്പ തുക :
5. വായ്പയെടുത്ത തീയതി മുതൽ നാളിതുവരെ അടച്ച തുക
   - മുതൽ
   - പലിശ
   - പിഴപ്പലിശ
   - മറ്റിനം
   - ആകെ
6. കുടിശ്ശിക :
   - മുതൽ
   - പലിശ (...........% നിരക്കിൽ)
   - പിഴപ്പലിശ
   - മറ്റിനം
   - ആകെ
7. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കേണ്ട തുക:
   - മുതൽ :
   - പലിശ :
   - എ.ആർ.സി. :
   - എക്സിക്യൂഷൻ ഫീസ്:
   - കോടതി ചെലവുകൾ :
   - പരസ്യ ചെലവുകൾ:
   - ആകെ :
8. ഇളവനുവദിച്ചത്
   - മുതൽ :
   - പലിശ :
   - പിഴപ്പലിശ :
   - നോട്ടീസ് ചാർജ്ജ് :
   - കേസ് ചിലവ് :
   - മറ്റിനം :
   - ആകെ :
9. അടച്ച തുക
   - മുതൽ :
   - പലിശ :
   - മറ്റിനം :
   - ആകെ :

സ്ഥലം :

തീയതി :

സെക്രട്ടറി

PPROFORMA 1

ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി -ആശ്വാസ് 2026

""""""""""""""""സംഘം തല കമ്മിറ്റി -പുരോഗതി റിപ്പോർട്ട് .... കൂടിയ അദാലത്തുകൾ......................ലഭിച്ച അപേക്ഷകൾ..............................

ആകെ വായ്പ ബാക്കി നിൽപ്പ് ....ആകെ കുടിശ്ശിക .... ആശ്വാസ് പദ്ധതിയിൽ കുറവ് വന്ന കുടിശ്ശിക ശതമാനം ....

ക്രമ നമ്പർ	വായ്പ ക്കാരന്റെ പേര് , വായ്പ നമ്പർ , വായ്പ നൽകിയ തീയതി	ആകെ വയ്പ ബാക്കി നിൽപ്					നൽകിയ ഇളവുകൾ					ഇളവിന് ശേഷം അടച്ച ഇക	കാരണം
		മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ	മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ		
	ആകെ												

പ്രസിഡന്റ്

സെക്രട്ടറി

യൂണിറ്റ് ഇൻസ്പെക്ടർ

PPROFORMA 2

ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി -ആശ്വാസ് 2026

""""""""""""""""""""""താലൂക്ക് തല കമ്മിറ്റി -പുരോഗതി റിപ്പോർട്ട് .... കൂടിയ അദാലത്തുകൾ........................ലഭിച്ച അപേക്ഷകൾ...........................

ആകെ വായ്പ വിതരണം ചെയ്യുന്ന സംഘങ്ങളുടെ എണ്ണം............ആകെ വായ്പ ബാക്കി നിൽപ്പ് ....ആകെ കുടിശ്ശിക .... ആശ്വാസ് പദ്ധതിയിൽ കുറവ് വന്ന കുടിശ്ശിക ശതമാനം ....

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ആകെ വയ്പ ബാക്കി നിൽപ്					നൽകിയ ഇളവുകൾ										ജില്ലാ തല കമ്മിറ്റിക്ക് സമർപ്പിച്ച അപേക്ഷകൾ	സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിച്ച അപേക്ഷകൾ
							സംഘം തല കമ്മിറ്റി					താലൂക്ക് തല കമ്മിറ്റി						
		മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ	മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ	മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ		

ASSISTANT REGISTRAR (GENERAL)

PPROFORMA 3

ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി –ആശ്വാസ് 2026

..............................ജില്ലാ തല കമ്മിറ്റി –പുരോഗതി റിപ്പോർട്ട് .... കൂടിയ അദാലത്തുകൾ......................ലഭിച്ച അപേക്ഷകൾ...........................

ആകെ വായ്പ ബാക്കി നിൽപ്പ് ....ആകെ കടിശ്ശിക .... ആശ്വാസ് പദ്ധതിയിൽ കുറവ് വന്ന കടിശ്ശിക ശതമാനം ....

ക്രമ നമ്പർ	താലൂക്ക്, ആകെ വായ്പ വിതരണം ചെയ്യുന്ന സംഘങ്ങളുടെ എണ്ണം	ആകെ വയ്പ ബാക്കി നിൽപ്					നൽകിയ ഇളവുകൾ															ആശ്വാസ് പദ്ധതിയിൽ അദാലത്തുകൾ നടത്തിയ സംഘങ്ങളുടെ എണ്ണം	സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിച്ച അപേക്ഷകൾ
							സംഘം തലം					താലൂക്ക് തലം					ജില്ലാ തലം						
		മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ	മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ	മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ	മുതൽ	പലിശ	പിഴ പലിശ	മറ്റിനം	ആകെ		

JOINT REGISTRAR (GENERAL)

പ്രൊഫോർമ - 4

ആശ്വാസ് 2026

സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി

ജില്ല:

ക്രമ നം	വായ്പക്കാരന്റെ പേരും, വിവരങ്ങളും (വായ്പ തീയതി, കമ്മിറ്റി തീരുമാനം എന്നിവ ഉൾപ്പെടെ)	ആകെ വായ്പ ബാക്കി നിൽപ്പ് (മുതൽ, പലിശ,മറ്റിനം എന്നിവ ഉൾപ്പെടെ വേർതിരിച്ച് കാണിക്കണം)	ഇളവിനു ശേഷം അടയ്ക്കേണ്ട തുക	ഇളവ് നൽകിയ തുക (മുതൽ, പലിശ, മറ്റിനം എന്നിവ വേർതിരിച്ച് കാണിക്കണം)	**വായ്പാക്കാരന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച റിപ്പോർട്ട്**	**ഇളവ് അനുവദിക്കുന്നതിനുള്ള** കാരണം (വിശദമായി രേഖപ്പെടുത്തണം)	റിമാർക്സ്
	അംഗനമ്പർ **പേര്** **മേൽ വിലാസം** **വായ്പാ നമ്പർ** **വായ്പാ തീയതി** **സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ച സംഘം തീരുമാനം നമ്പർ, തീയതി** **വായ്പാ തിരിച്ചടവ് തുക**	**മുതൽ** **പലിശ** **പിഴപ്പലിശ** **മറ്റിനം** **ആകെ**		**മുതൽ** **പലിശ** **പിഴപ്പലിശ** **മറ്റിനം** **ആകെ**			

ജോയിന്റ് രജിസ്ട്രാർ (ജനറൽ)